# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം</u>

4886 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) വ്യാജ മദ്യത്തിന്റെ ഉൽപാദനവും വിപണനവും തടയുന്നതിന് ആധുനിക വൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(സി) ഓണക്കാലത്ത് വ്യാജ മദ്യം വ്യാപകമാകുന്നതിന് സാധ്യതയുള്ളതായി കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിനായി ആധുനികവൽക്കരണം മുഖേന എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരിക്കുന്നതിന് നടപടി</u>

4887 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി ഏതെല്ലാം കേഡറിൽ എത്ര തസ്തികകൾ സൃഷ്ടിച്ചു; എത്ര കേസുകളുടെ അന്വേഷണച്ചുമതല ക്രൈംബ്രാഞ്ചിനെ ഏൽപിച്ചു; വിശദമാക്കുമോ;

(ബി) എക്സൈസ് ഗാർഡ് തസ്തികകളിലേയ്ക്ക് നിശ്ചിത ശതമാനം വനിതാ ഗാർഡുമാരെ നിയമിക്കാനുള്ള നടപടികൾ പൂർത്തിയായോ; പൂർത്തിയായെങ്കിൽ നിയമന നടപടികൾ എന്ന് ആരംഭിക്കും; എക്സൈസ് സ്ക്വാഡിന്റെ ഇപ്പോഴത്തെ സാംഗ്ഷൻഡ് സ്ട്രെംഗ്ത് എത്രയെന്ന് അറിയിക്കുമോ; ഇപ്പോൾ എത്ര പേരുടെ വേക്കൻസി നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

എക്സൈസ് ജീവനക്കാർക്ക് കാന്റീൻ സൗകര്യത്തിന് നടപടി

4888 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പോലീസ്, ഫയർ & റെക്സ്യൂ വകുപ്പിലെ ജീവനക്കാർക്ക് ആരംഭിച്ചിരിക്കുന്ന കാന്റീൻ സൗകര്യം എക്സൈസ് വകുപ്പിലെ ജീവനക്കാർക്ക് കൂടി അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ചിറ്റൂര്‍ പഞ്ചസാര ഫാക്ടറിയുടെ പുനരുദ്ധാരണം</u>

4889

ശ്രീ. എ. കെ. ബാലന്‍
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ബി. ഡി. ദേവസ്സി
,, വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചിറ്റൂര്‍ പഞ്ചസാര ഫാക്ടറിയുടെ പുനരുദ്ധാരണം നടത്തുന്നതിനും ഇന്ത്യന്‍ നിര്‍മ്മിത വിദേശമദ്യം ഉല്പാദിപ്പിക്കാനുള്ള സാധ്യത പരിശോധിക്കാനും നിയോഗിക്കപ്പെട്ട മൂന്നംഗസമിതിയുടെ റിപ്പോര്‍ട്ടിന്മേല്‍ സര്‍ക്കാര്‍ എടുത്ത തീരുമാനം വിശദമാക്കാമോ;

(ബി) പ്രസ്തുത തീരുമാനങ്ങള്‍ നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ;

(സി) സംസ്ഥാനത്തിനാവശ്യമായ മദ്യത്തിന്റെ എത്ര ശതമാനം ഇവിടെ ഉല്പാദിപ്പിക്കാന്‍ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

മദ്യ/ലഹരി വിരുദ്ധ പ്രവര്‍ത്തനങ്ങള്‍

4890 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മദ്യ/ലഹരി വിരുദ്ധ പ്രവര്‍ത്തനങ്ങള്‍ കൊണ്ടുള്ള നേട്ടങ്ങള്‍ വിലയിരുത്താറുണ്ടോ; 2012-13 ല്‍ ഉണ്ടായ നേട്ടം വിശദമാക്കാമോ;

(ബി) ഒരു വര്‍ഷം ലഹരി വിരുദ്ധ പ്രവര്‍ത്തനത്തിന്റെ ഫലമായി എത്ര പേരെ ലഹരി വിമുക്തമാക്കാന്‍ കഴിയുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) എക്സൈസ് വകുപ്പിന്റെ ലഹരി വിരുദ്ധ പ്രവര്‍ത്തനങ്ങള്‍ കുടുംബശ്രീ വഴി വാര്‍ഡുതലത്തില്‍ നടത്തുന്നത് പരിഗണിക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ലഹരി വിരുദ്ധ ക്ലബുകൾ</u>

4891 ശ്രീ. പാലോട് രവി
'' എം. എ. വാഹീദ്
'' എ. റ്റി. ജോർജ്
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ലഹരി വിരുദ്ധ ക്ലബുകളുടെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പുതിയ തലമുറയെ ബോധവത്ക്കരിക്കുന്നതിന് ഇത്തരം ക്ലബുകൾ ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് മികച്ച പ്രവർത്തനം നടത്തുന്ന ലഹരി വിരുദ്ധ ക്ലബുകൾക്ക് അവാർഡ് നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ലഹരി വസ്തുക്കൾക്കെതിരെ വിദ്യാർത്ഥികളിൽ ബോധവൽക്കരണം

4892 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലഹരി വസ്തുക്കളുടെ ദൂഷ്യങ്ങൾ സ്കൂൾ സിലബസ്സിൽ ഉൾപ്പെടുത്തുന്നകാര്യം വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് പരിഗണിക്കുമോ;

(ബി) ഉണ്ടെങ്കിൽ 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ ഇത് ഒരു പാഠ്യഭാഗമായി ഉൾപ്പെടുത്തി ലഹരി വസ്തുക്കളുടെ ഉപയോഗം കാരണമുണ്ടാകുന്ന ദോഷങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>കെ.എസ്.ബി.സി.യുടെ സ്ഥിതി വിവര കണക്ക്</u>

4893 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ബി.സി.യുടെ 2006-07 മുതൽ 2012-13 (7 വർഷം) വരെയുള്ള സ്ഥിതി വിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) ഓരോ വർഷത്തെയും വിദേശമദ്യത്തിന്റെയും, ബിയറിന്റെയും വില്പന സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം ലഭ്യമാക്കുമോ;

(സി) ഓരോ വർഷത്തെയും വിദേശമദ്യത്തിന്റെയും, ബിയറിന്റെയും വിറ്റുവരവ് എത്ര തുകയാണെന്ന് അറിയിക്കുമോ;

(ഡി) ഓരോ വർഷവും ഗവൺമെന്റിന് ലഭിച്ച തുകയെത്ര; (ഗ്യാലനേജ് ഫീ ഒഴികെ)

(ഇ) ഓരോ വർഷത്തെയും ലാഭം എത്ര;

(എഫ്) ഓരോ വർഷവും ഗ്യാലനേജ് ഫീ ഇനത്തിൽ ഗവൺമെന്റിന് ലഭിച്ച വരുമാനം എത്ര?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ്</u>

4894 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12-ൽ സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ് എത്രയാണെന്ന് പറയാമോ;

(ബി) 2011-12, 2012-13 എന്നീ രണ്ടു വർഷങ്ങളിലും സംസ്ഥാന ഖജനാവിലേക്ക് ഈയിനത്തിൽ ലഭിച്ച ലാഭം എത്രയാണെന്ന് പറയാമോ ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>അനധികൃത മദ്യനിർമ്മാണം</u>

4895 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല പ്രദേശങ്ങളിലും അനധികൃത മദ്യ നിർമ്മാണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) 2012-13 വർഷത്തിൽ അനധികൃത മദ്യനിർമ്മാണത്തിനെതിരെ എത്ര കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുളളത്;

(ഡി) ഇത്തരം കേസുകളിൽ എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>സ്പിരിറ്റ് കടത്തിയത് സംബന്ധിച്ച കേസുകൾ</u>

4896

ശ്രീ. വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പിരിറ്റ് കടത്തിയതു സംബന്ധിച്ച് മുൻസർക്കാരിന്റെ കാലഘട്ടത്തിൽ എക്സൈസ് വകുപ്പിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത കേസുകളിൽ ഇനിയും കോടതിയിൽ കുറ്റപത്രം സമർപ്പിക്കാത്തവ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം കേസുകളിൽ കുറ്റപത്രം സമർപ്പിക്കുന്നതിനായി പുതുതായി രൂപീകരിക്കപ്പെട്ട ക്രൈം റിക്കാർഡ്സ് ബ്യൂറോ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) തീർപ്പാകാത്ത സ്പിരിറ്റ് കേസുകളും വ്യാജമദ്യ കേസുകളും വേഗത്തിൽ തീർപ്പാക്കുന്നതിലേയ്ക്കായി ക്രൈം റിക്കാർഡ്സ് ബ്യൂറോ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ
നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>കള്ള് ചെത്ത് വ്യവസായം സംരക്ഷിക്കുന്നതിന് നടപടി</u>

4897 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' അൻവർ സാദത്ത്
'' സണ്ണി ജോസഫ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ള് ചെത്ത് വ്യവസായം സംരക്ഷിക്കുന്നതിനായി യു.ഡി.എഫ് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ഈ സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ;

(സി) കള്ള് വ്യവസായം സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>കള്ളിന്റെ രാസഘടന പഠിക്കുവാന്‍ പഠന സംഘം</u>

4898 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
'' വി. പി. സജീന്ദ്രന്‍
'' വര്‍ക്കല കഹാര്‍
'' അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കള്ളിന്റെ രാസഘടന പഠിക്കുവാന്‍ പ്രത്യേക പഠന സംഘത്തിന് രൂപം നല്‍കിയിട്ടുണ്ടോ; എങ്കില്‍ ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) കള്ളിന്റെ രാസഘടന ശാസ്ത്രീയമായി കണ്ടെത്തുന്നതിന് നിയോഗിച്ചിട്ടുള്ള സമിതി പഠനം ആരംഭിച്ചിട്ടുണ്ടോ; എങ്കില്‍ എത്ര കാലത്തെ സമയമാണ് പ്രസ്തുത സമിതിക്ക് നില്‍കിയിട്ടുള്ളത്;

(സി) രാസഘടന കണ്ടെത്തുന്നതോടെ യഥാര്‍ത്ഥ കള്ളും വ്യാജകള്ളും തമ്മിലുള്ള വ്യത്യാസം കോടതിയെ ബോദ്ധ്യപ്പെടുത്തുവാനാകുമെന്ന് കരുതുന്നുണ്ടോ;

(ഡി) പഠന റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ ബന്ധപ്പെട്ട ചട്ടങ്ങളില്‍ ആവശ്യമായ ഭേദഗതി വരുത്തുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>നീരയുടെ ഉത്പാദനം അബ്കാരി നിയമത്തിന്റെ പരിധിയിൽ നിന്ന് എടുത്തുമാറ്റുന്നതിന് നടപടി</u>

4899 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നീരയുടെ ഉത്പാദനം അബ്കാരി നിയമത്തിന്റെ പരിധിയിൽ നിന്ന് എടുത്ത് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മാഹിയിൽ നിന്നും മദ്യം കടത്തിയ കേസുകൾ</u>

4900 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാഹിയിൽ നിന്നും കേരളത്തിലേക്ക് മദ്യം കടത്തിയത് സംബന്ധിച്ച് കോഴിക്കോട്-കണ്ണൂർ ജില്ലകളിൽ എക്സൈസ് വകുപ്പ് 2013-2014 വർഷത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധമായി പ്രസ്തുത ജില്ലകളിലെ ഓരോ റെയിഞ്ചിലും എത്ര കേസുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ എത്ര കേസുകൾ കോടതികൾക്ക് റഫർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

കഞ്ചാവിന്റേയും ചരസിന്റേയും വില്പന

4901 ശ്രീ.ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി, തുറവൂർ, മുക്കന്നൂർ പ്രദേശങ്ങളിൽ വർദ്ധിച്ചു വരുന്ന കഞ്ചാവിന്റേയും, ചരസിന്റേയും വിൽപന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച പരാതിയിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

**ഹോളോഗ്രാം നിര്‍മ്മാണം സി - ഡിറ്റില്‍ നിന്നും മാറ്റാനുള്ള നടപടി**

T-4902 ശ്രീ.കെ.കെ.നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബിവറേജസ് കോര്‍പ്പറേഷന്‍ വഴി വില്‍പ്പന നടത്തുന്ന മദ്യക്കുപ്പികളില്‍ പതിപ്പിക്കാനുള്ള ഹോളോഗ്രാം നിര്‍മ്മാണം സി-ഡിറ്റില്‍ നിന്നും മാറ്റി സ്വകാര്യ ഏജന്‍സിയെ ഏല്‍പ്പിക്കാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ഏത് ഏജന്‍സിക്കാണ് കരാര്‍ നല്‍കാന്‍ നടപടി സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) സി-ഡിറ്റ് ഏന്തു തുകക്കാണ് ഹോളോഗ്രാം തയ്യാറാക്കി നല്‍കുന്നത്;

(ഡി) പുതിയ കരാര്‍ അനുസരിച്ച് എന്തു തുകയാണ് നല്‍കേണ്ടത്;

(ഇ) ഇത് വഴി പ്രതിവര്‍ഷം സര്‍ക്കാരിന് എത്ര രൂപ അധിക ബാധ്യത ഉണ്ടാകും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>കെ. എസ്. ബി. സി. യുടെ ഷോപ്പുകളിൽ ശുദ്ധജലവും ടോയ്ലറ്റ് സൗകര്യവും</u>

4903 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ എല്ലാ ഷോപ്പുകളിലും ശുദ്ധജലവും, ടോയ്ലറ്റ് സൗകര്യവും ലഭ്യമാണോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ വെയർഹൗസുകളുടെ പ്രവർത്തി സമയം എത്രയാണ്;

(സി) എല്ലാ വെയർഹൗസുകളുടെയും പ്രവർത്തനരീതി ഏകീകരിച്ചിട്ടുണ്ടോ;

(ഡി) കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാരുടെ എണ്ണം എത്രയാണ്;

(ഇ) നിലവിലുള്ള എൽ.ഡി. ക്ലർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും എൻ.ജെ.ഡി. ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലായെങ്കിൽ എന്നേക്ക് റിപ്പോർട്ട് ചെയ്യും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>കെ. എസ്. ബി. സി. യുടെ ആസ്ഥാന മന്ദിരം</u>

4904 ശ്രീ.പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ. എസ്. ബി. സി. യുടെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

<u>ചെക്ക് പോസ്റ്റുകളിൽ സിവിൽ എക്സൈസ് ഓഫീസറുടേയും പ്രിവന്റീവ് ഓഫീസറുടേയും സ്ഥിരം തസ്തിക</u>

4905 ശ്രീ. കെ.എം.ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഡിപ്പാർട്ട്മെന്റിൽ സിവിൽ എക്സൈസ് ഓഫീസർമാരുടേയും, പ്രിവന്റീവ് ഓഫീസർമാരുടേയും ഡ്യൂട്ടി സമയം എപ്രകാരമാണ്;

(ബി) ബിവറേജ് കോർപ്പറേഷന്റെ ഔട്ട്ലെറ്റിൽ അബ്കാരി നിയമങ്ങൾ അറിയാവുന്ന എക്സൈസ് ഉദ്യോഗസ്ഥരെ നിയമിക്കാൻ തീരുമാനമായിട്ടുണ്ടോ;

(സി) ചെക്ക്പോസ്റ്റ് ഡ്യൂട്ടിയിൽ നിന്നും എക്സൈസുകാരെ പിൻവലിക്കാൻ തീരുമാനമുണ്ടോ; ഇല്ലെങ്കിൽ ഇവരുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുമോ;

(ഡി) തിരുവനന്തപുരം ഡിവിഷനിൽ പുതിയ റെയ്ഞ്ച് ഓഫീസുകൾ രൂപീകരിക്കുവാൻ തീരുമാനമുണ്ടോ; അറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ബന്തടുക്ക എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം

4906 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബന്തടുക്ക എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) അനുവദിച്ചു കിട്ടിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ആലപ്പുഴ തുറമുഖം പുനർ നിർമ്മിക്കാൻ നടപടി</u>

4907 ശ്രീ.ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തുറമുഖത്തിന്റെ പുനർ നിർമ്മാണം പരിഗണനയിലുണ്ടോ; ഇതിനു വേണ്ടി വിശദമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തുറമുഖത്തെ ആശ്രയിച്ച് ജീവിക്കുന്ന എത്ര തൊഴിലാളികളാണ് ഇപ്പോൾ ഉള്ളത്; ഇവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ച പരിസ്ഥിതി ആഘാത പഠന റിപ്പോര്‍ട്ട്

4908 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ച പരിസ്ഥിതി ആഘാത പഠന റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ പ്രസ്തുത റിപ്പോര്‍ട്ട് ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിപ്പോര്‍ട്ടിന്മേല്‍ എന്ത് തുടര്‍നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) അവ സംബന്ധിച്ച വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ കമ്മീഷനിംഗ്

4909

ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ കമ്മീഷനിംഗ് എത്രയും വേഗം പൂർത്തിയാക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് അഖില കക്ഷിയോഗം ചേരണമെന്ന ആവശ്യം ഉൾക്കൊള്ളുന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും എന്നത്തേയ്ക്ക് പ്രസ്തുത യോഗം ചേരാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ചെറുവത്തൂർ ഫിഷറീസ് ഹാർബറിന്റെ നിർമ്മാണം</u>

4910 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചെറുവത്തൂർ ഫിഷറീസ് ഹാർബറിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ റ്റി. ആർ. പി. പദ്ധതി

4911 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ റ്റി. ആർ. പി. പദ്ധതി പ്രകാരം ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൊഴിക്കര-ലക്ഷ്മീപുരം തോപ്പ് റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയത് എന്നാണ്; എത്ര രൂപയ്ക്കാണ് ഭരണാനുമതി ലഭിച്ചത്;

(ബി) പ്രസ്തുത റോഡ് നിർമ്മാണം ആരംഭിച്ചത് എന്നാണ്; എത്രത്തോളം നിർമ്മാണം പൂർത്തീകരിച്ചെന്നും, ശേഷിച്ച പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(സി) കരാറുകാരന് നാളിതുവരെ എത്ര രൂപ നൽകിയിട്ടുണ്ട്; കരാർ കാലാവധി അവസാനിച്ചുവോ; വിശദാംശം അറിയിക്കുമോ;

(ഡി) ഈ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും പദ്ധതിയിൽ നിന്നും തുക അനുവദിച്ചിരുന്നുവോ; എങ്കിൽ എത്ര രൂപയാണെന്നും, എന്ത് ആവശ്യത്തിലേക്കാണെന്നും അറിയിക്കുമോ;

(ഇ) പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കണമെങ്കിൽ ഇനി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തേണ്ടത്; ഇതിനായി നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) പ്രസ്തുത റോഡിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; ഈ സംവിധാനം ഉണ്ടെങ്കിൽ റോഡ് ഗതാഗത യോഗ്യമാക്കുവാൻ കഴിയുമെന്ന് ബോദ്ധ്യമുണ്ടോ;

(ജി) പ്രസ്തുത റോഡിന്റെ നിർമ്മാണ ആവശ്യത്തിലേക്ക് ഇതിനകം ചെലവഴിച്ച തുക പരിഗണിച്ച്, ശേഷിക്കുന്ന നിർമ്മാണം പൂർത്തീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി സമാശ്വാസ പദ്ധതി</u>

4912 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മത്സ്യത്തൊഴിലാളി സമാശ്വാസ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികള്‍ക്ക് ഈ വര്‍ഷം നല്‍കേണ്ട തുക വിതരണം ചെയ്യാന്‍ ആരംഭിച്ചിട്ടുണ്ടോ;

(ബി) പദ്ധതി പ്രകാരം ഏതുമാസം മുതലാണ് തുക വിതരണം ചെയ്യേണ്ടത് ;

(സി) കഴിഞ്ഞ ഒക്ടോബര്‍ മുതല്‍ മെയ് വരെ പ്രസ്തുത പദ്ധതിയിലേയ്ക്ക് കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണ് ; പ്രസ്തുത തുക ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) കഴിഞ്ഞ വര്‍ഷത്തെ കേന്ദ്ര-സംസ്ഥാന വിഹിതം പൂര്‍ണ്ണമായും ലഭ്യമാക്കുകയും പദ്ധതി പ്രകാരമുള്ള തുക മത്സ്യത്തൊഴിലാളികള്‍ക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത തുക ലഭ്യമാക്കിയിട്ടില്ലെങ്കില്‍ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ-സമാശ്വാസ പദ്ധതി

4913 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ-സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംവിധാനമെന്തെന്ന് വിശദീകരിക്കുമോ;

(ബി) 2011-ലും 2012-ലും പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) 2013-ൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള തുക അനുവദിച്ചിട്ടുണ്ടോ; അനുവദിച്ചിട്ടുണ്ടെങ്കിൽ ജൂൺ മാസത്തിൽ ഈയിനത്തിൽ തൊഴിലാളികൾക്ക് നൽകിയ തുക എത്ര; എത്ര തൊഴിലാളികൾക്ക് ഈ തുക ലഭിച്ചു; കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതവും കൂടി ചേർന്ന് നൽകുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് മുടക്കം</u>

4914 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സഹായം നൽകുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി സംസ്ഥാന സർക്കാർ വിഹിതം നൽകാത്തതിനാൽ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സമാശ്വാസ പദ്ധതിയിൽ സംസ്ഥാനത്തെ തൊഴിലാളി വിഹിതമായി എത്ര രൂപ പിരിച്ചിട്ടുണ്ട്; വിശദമായി ജില്ലതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ഡീസൽ എഞ്ചിനുകൾ</u>

4915 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഡീസൽ എഞ്ചിനുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എത്ര രൂപയാണ് സബ്സിഡി ഇനത്തിൽ നൽകുന്നത്;

(സി) ഇതിനായി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) സബ്സിഡി നൽകിയതിന്റെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>അഡാക്ക് വഴി പദ്ധതികളുടെ ആനുകൂല്യ വിതരണം</u>

4916 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പദ്ധതികളുടെ ആനുകൂല്യ വിതരണത്തിന് അഡാക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ തീർപ്പ് കല്പിക്കാനുള്ള അപേക്ഷകളുടെ വിവരം</u>

4917 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ നിധിയിൽ നിന്നും എത്ര പേർക്ക് കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കടാശ്വാസം നൽകി എന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ ഏജൻസികളിൽ നിന്ന് മത്സ്യബന്ധന വിപണന ഉപകരണങ്ങൾ വാങ്ങുന്നതിനായി ലോൺ എടുത്ത് ജപ്തി നടപടി നടന്നു വരുന്ന മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതി തള്ളുന്നതിന് നടപടി ഉണ്ടാകുമോ;

(സി) മത്സ്യ മേഖലയിൽ പണിയെടുക്കുന്നവരുടെ ജീവിത ദുരിതങ്ങൾ പഠിക്കുന്നതിനും പരിഹാരം കാണുന്നതിനും ഒരു കമ്മീഷനെ വയ്ക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇനിയും എത്ര അപേക്ഷകളാണ് കടാശ്വാസ കമ്മീഷനിൽ തീർപ്പ് കല്പിക്കാനുള്ളത്?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ട്രോളിംഗ് നിരോധനകാലത്ത് അനുവദിക്കുന്ന ആനുകൂല്യങ്ങൾ</u>

4918 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനക്കാലത്ത് മത്സ്യമേഖലയിലെ തൊഴിലാളികൾക്കും കുടുംബങ്ങൾക്കും അനുവദിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മണ്‍സൂണ്‍കാല ട്രോളിംഗ് നിരോധനം</u>

4919 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മണ്‍സൂണ്‍കാല ട്രോളിംഗ് നിരോധനം വഴി മത്സ്യസമ്പത്ത് സംരക്ഷിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഏജന്‍സികള്‍ ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>മത്സ്യ ലഭ്യതയിൽ കുറവ്</u>

4920 ശ്രീ. പി. തിലോത്തമൻ
,, ജി. എസ്. ജയലാൽ
,, വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമുദ്ര മേഖലയിൽ നിന്നുള്ള മത്സ്യ ലഭ്യതയിൽ വൻകുറവ് വന്നിട്ടുള്ളതായി പഠന റിപ്പോർട്ടുകളുണ്ടായിട്ടുണ്ടോ; ഇത്തരം കുറവ് വരാനുണ്ടായ കാരണങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) ട്രോളിംഗ് നിരോധനം നീട്ടണമെന്നും മത്സ്യബന്ധനത്തിന് നിശ്ചിത കാലയളവ് നിരോധനം ഏർപ്പെടുത്തണമെന്നുമുള്ള ശുപാർശകളുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ അധികാരത്തിൽപ്പെടുന്ന 12 നോട്ടിക്കൽ മൈൽ സമുദ്രമേഖല കേരള ഫിഷിംഗ് മറൈൻ ഏര്യയായി പ്രഖ്യാപിക്കണമെന്ന ശുപാർശയിൻമേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>തീരമൈത്രി പദ്ധതി</u>

4921 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'തീര മൈത്രി' പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുളള മാനദണ്ഡം വ്യക്തമാക്കുമോ;

(സി) ആലപ്പുഴ ജില്ലയിൽ ഇതിനകം പ്രസ്തുത പദ്ധതിയുടെ കീഴിൽ എത്ര ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>കടലാക്രമണം തടയുന്നതിനുള്ള മാര്‍ഗ്ഗങ്ങള്‍</u>

4922 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ തീരപ്രദേശങ്ങളിലെ രൂക്ഷമായ കടലാക്രമണം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് അവലംബിക്കുന്ന ശാസ്ത്രീയമായ മാര്‍ഗ്ഗങ്ങള്‍ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) കടലാക്രമണ ഭീഷണിയെക്കുറിച്ച് ഏതെല്ലാം കേന്ദ്ര /സംസ്ഥാന ഏജന്‍സികളാണ് ഗവേഷണം നടത്തുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇത്തരം ഏജന്‍സികള്‍ സമര്‍പ്പിച്ച ഏതെങ്കിലും റിപ്പോര്‍ട്ട് പരിഗണനയിലുണ്ടോ;

(ഇ) പ്രസ്തുത റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്ന നടപടികള്‍ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>കാലവർഷക്കെടുതിയും, കടലാക്രമണവും മൂലം</u>
<u>മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ</u>

4923 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയും, കടലാക്രമണവുംമൂലം തീരദേശ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കുന്നതിലേക്ക് അടിയന്തിരമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഓരോ ജില്ലയിലും ഇതിനായി പ്രത്യേക ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അത് ഏത് ഉദ്യോഗസ്ഥനാണെന്ന് അറിയിക്കുമോ;

(സി) ഈ വർഷത്തെ കടലാക്രമണത്തിൽ കൊല്ലം ജില്ലയിൽ എത്ര കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന വിവരം ശേഖരിച്ചുവോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മത്സ്യബന്ധനത്തിനിടെ കാണാതായവരും മരണപ്പെട്ടവരും</u>

4924 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷത്തിനിടെ മത്സ്യബന്ധന ജോലിക്കിടയിൽ എത്ര തൊഴിലാളികൾക്ക് ഗുരുതരമായ പരിക്കുകൾ പറ്റിയെന്നും എത്ര പേരെ കാണാതായി എന്നും എത്ര പേരുടെ മൃതദേഹങ്ങൾ കണ്ടുകിട്ടിയെന്നും വ്യക്തമാക്കുമോ;

(ബി) ഇവരുടെ ആശ്രിതർക്ക് ഇക്കാലയളവിൽ എത്ര തുക സഹായം നൽകിയെന്നും ഇനിയെത്ര തുക നൽകാനുണ്ടെന്നും അറിയിക്കുമോ;

(സി) കടലിൽ വച്ച് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നല്കി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) കടൽ അപകടങ്ങളിൽപെട്ട് മൃതദേഹങ്ങൾ കണ്ടുകിട്ടാതെ പോയവരുടെ ആശ്രിതർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**01.07.2013-ലെ മറുപടിക്ക്**

<u>മത്സ്യ കർഷക ക്ലബ്</u>

4925 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, കെ. അച്ചുതൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യകർഷക ക്ലബ് നിർമിക്കുന്നതിന് ധനസഹായ വിതരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതുവഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മാതൃകാ മത്സ്യഗ്രാമ പദ്ധതി</u>

4926 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, സി. മമ്മൂട്ടി
,, കെ. എം. ഷാജി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃകാ മത്സ്യഗ്രാമ പദ്ധതി മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ പ്രയോജനപ്രദമെന്നു കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം മത്സ്യഗ്രാമത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത് എന്നതിന്റെ വിശദവിവരം നല്കാമോ;

(സി) മത്സ്യഗ്രാമത്തിൽ മത്സ്യാധിഷ്ഠിത ഭക്ഷ്യ സംസ്കരണം, അതിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണം, ലാഭകരമായ വിപണന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി</u>

4927 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മത്സ്യ ഇനങ്ങൾ ഏതൊക്കെ എന്ന് മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഉൾനാടൻ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

മത്സ്യസമൃദ്ധി പദ്ധതി സബ്സിഡി

4928 ശ്രീ. അന്‍വര്‍ സാദത്ത്
,, ആര്‍ സെല്‍വരാജ്
,, എം. പി. വിന്‍സെന്റ്
,, ഡൊമിനിക് പ്രസന്റേഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മത്സ്യസമൃദ്ധി പദ്ധതിയിലൂടെ പൂര്‍ത്തീകരിച്ച കരിമീന്‍ കേജ് കള്‍ച്ചര്‍, കരിമീന്‍ വിത്തുല്പാദന യൂണിറ്റ് എന്നിവയുടെ സബ്സിഡി വിതരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി വഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമൊ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ മത്സ്യ സമൃദ്ധി പദ്ധതി</u>

4929 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ സമൃദ്ധി പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ വിശദാംശങ്ങൾ താലൂക്കടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ എത്ര ഹെക്ടർ സ്ഥലത്താണ് മത്സ്യ സമൃദ്ധി പദ്ധതി നടപ്പാക്കുന്നതെന്ന് താലൂക്കടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) മത്സ്യ സമൃദ്ധി പദ്ധതിയിലൂടെ മത്സ്യ കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**01.07.2013–ലെ മറുപടിക്ക്**

<u>മത്സ്യ സമൃദ്ധി പദ്ധതിയുടെ നേട്ടങ്ങൾ</u>

4930 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മത്സ്യസമൃദ്ധി' പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇതിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ശുദ്ധജലമത്സ്യങ്ങളുടെ പ്രജനന സമയത്തുള്ള മത്സ്യബന്ധനം തടയാൻ നടപടി</u>

4931 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ശുദ്ധജല മത്സ്യങ്ങളുടെ മഴക്കാലത്തെ പ്രജനന സമയത്തുള്ള ഊത്തപിടിത്തം എന്നറിയപ്പെടുന്ന മത്സ്യബന്ധനം തടയാൻ ജൈവ വൈവിധ്യബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ ഊത്തപിടിത്തം നിരോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>മലയോര മത്സ്യകൃഷി വികസന പദ്ധതി</u>

4932 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോരമത്സ്യകൃഷി വികസനത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) മലയോര മണ്ഡലമായ കോങ്ങാട് മണ്ഡലത്തിലെ മലയോര മത്സ്യകൃഷി വികസനത്തിനായി പദ്ധതി സമർപ്പിച്ചാൽ തുക അനുവദിക്കുന്നതിന് തയ്യാറാകുമോ;

(സി) ഇത്തരം പദ്ധതിയ്ക്കായി പ്രത്യേക തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**01.07.2013–ലെ മറുപടിക്ക്**

<u>അക്വാകൾച്ചർ നയം</u>

4933

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്വാ കൾച്ചർ നയം തയ്യാറാക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്;

(ബി) പ്രസ്തുത കമ്മിറ്റി നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

അലങ്കാര മത്സ്യകൃഷി യൂണിറ്റുകളുടെ സബ്സിഡി വിതരണം

4934 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വനിതകൾക്ക് വീട്ടുവളപ്പിലെ പൂർത്തീകരിച്ച അലങ്കാര മൽസ്യകൃഷി യൂണിറ്റുകളുടെ സബ്സിഡി വിതരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതുവഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>മത്സ്യം വളർത്തലിന് സ്വയം സഹായ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന തുക</u>

4935 ശ്രീ. പി.തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യം വളർത്തലിന് ഫിഷറീസ് വകുപ്പ് നൽകുന്ന സാമ്പത്തിക സഹായം എത്രയാണെന്നും അത് ഏത് ഏജൻസി വഴിയാണ് വിതരണം ചെയ്യുന്നതെന്നും വെളിപ്പെടുത്തുമോ; ജില്ലാ തലത്തിൽ സ്വയം സഹായ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പ്രസ്തുത തുക പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നല്ലൊരു ശതമാനത്തിനും സ്വയം സഹായ സംഘത്തിലെ അംഗങ്ങളല്ല എന്ന കാരണത്താൽ ലഭിക്കുന്നില്ല എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തിരമായി പരിഹരിക്കുമോ;

(ബി) 2012–2013 കാലയളവിൽ ഉൾനാടൻ മേഖലയിൽ കൂടുകളിൽ മത്സ്യം വളർത്തുന്നതിന് എത്ര സ്വയം സഹായ സംഘങ്ങൾക്ക് പണം അനുവദിച്ചു എന്നു പറയാമോ; ഇതിൽ എത്ര സ്വയം സഹായ സംഘങ്ങൾ ഈ തുക പൂർണ്ണമായും വിനിയോഗിച്ചു എന്നു പറയാമോ; ഈ തുക വിതരണം ചെയ്യുന്നതിന് ആലപ്പുഴ ജില്ലയിൽ ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥർ ആരെല്ലാം ആയിരുന്നു എന്നു പറയാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം</u>

4936 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ ദേവികുളങ്ങര പഞ്ചായത്തിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണപുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പത്തിയൂർ ഗ്രാമപഞ്ചായത്തിൽ പുതിയ മീൻചന്ത</u>

4937 ശ്രീ.സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ 100 വർഷത്തോളം പഴക്കം വരുന്ന ഫിഷ് മാർക്കറ്റ് ജീർണ്ണാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ പുതിയ ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ മത്സ്യകൃഷി

4938 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ എവിടെയെല്ലാമാണ് മത്സ്യകൃഷി നടത്തി വരുന്നത്;

(ബി) ഏതെല്ലാം ഇനം മത്സ്യങ്ങളാണ് ഇവിടെ കൃഷി ചെയ്തു വരുന്നത്;

(സി) മേൽപ്രകാരം കൃഷി ചെയ്യുന്ന മത്സ്യങ്ങളുടെ വിളവെടുപ്പും വിപണനവും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത നിയോജക മണ്ഡലത്തിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>റോഡ് പുനരുദ്ധാരണത്തിന് പദ്ധതി</u>

4939 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനവും തുറമുഖവും വകുപ്പിന്റെ കീഴിൽ റോഡ് പുനരുദ്ധാരണത്തിന് ഏതെല്ലാം പദ്ധതികളാണ് ഉള്ളത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികളാണ് ചെയ്തുവരുന്നത്;

(സി) ഇതിനായി റോഡ് തെരഞ്ഞെടുക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധന തുറമുഖ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന റോഡുകളുടെ വിവരം</u>

4940 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധന തുറമുഖ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന റോഡുകളുടെ ഭരണാനുമതി ലഭ്യമായ റോഡുകൾ ഏതൊക്കെ; നടപ്പിലാക്കുവാൻ ഏറ്റെടുത്തിട്ടുള്ള റോഡുകൾ ഏതൊക്കെ;

(ബി) മാവേലിക്കര മണ്ഡലത്തിലെ ഫിഷ്മാർക്കറ്റുകൾ നവീകരിക്കുന്നതിലേക്കായി ഏറ്റെടുത്തിട്ടുള്ള മാർക്കറ്റുകൾ ഏതൊക്കെ; ഭരണാനുമതി ലഭ്യമായതേതൊക്കെയാണ്; എസ്റ്റിമേറ്റ് തുകയടക്കം വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ഉദുമ മണ്ഡലത്തിൽ ഫിഷറീസ് റോഡുകൾ</u>

4941 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഉദുമ നിയോജകമണ്ഡലത്തിൽ എത്ര ഫിഷറീസ് റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ ബേക്കൽ – തൃക്കണ്ണാട്, ബേക്കൽ – പുതിയകടപ്പുറം, കീഴൂർ സ്കൂൾ – കടപ്പുറം എന്നീ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ എന്ന് ഭരണാനുമതി നൽകുമെന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>തീരദേശ സ്കൂളുകളുടെ നവീകരണം</u>

4942 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശത്ത് പ്രവർത്തിക്കുന്ന സ്കൂളുകളുടെ നവീകരണത്തിനോ കുട്ടികളുടെ പഠനത്തിനോ ഫിഷറീസ് വകുപ്പ് ധനസഹായം ലഭ്യമാക്കാറുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന മത്സ്യബന്ധന തൊഴിലാളികളുടെ മക്കൾക്ക് പ്രത്യേകമായി എന്തെല്ലാം സഹായമാണ് ലഭ്യമാക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>കേരളാ ഫിഷറീസ് & ഓഷ്യൻ സയൻസ് സർവ്വകലാശാല</u>

4943 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ ഫിഷറീസ് & ഓഷ്യൻ സയൻസ് സർവ്വകലാശാലയുടെ ആസ്ഥാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ പ്രവർത്തന മേഖല വിശദമാക്കുമോ;

(സി) എന്തെല്ലാം കോഴ്സുകളാണ് ഇവിടെ നടത്തിവരുന്നത്; പ്രസ്തുത സർവ്വകലാശാലയുടെ 'പ്രോസ്പെക്ടസ്' ന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ</u>

4944 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥിതി ചെയ്യുന്നത്;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നത്; എത്ര വീതം സീറ്റുകളാണ് ഉള്ളത്;

(സി) ഓരോ കോഴ്സിന്റെയും ഫീസ് വിവരവും അഡ്മിഷനുള്ള യോഗ്യതകളും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

കണ്ണൂർ വിമാനത്താവളം

4945 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ അപേക്ഷകളിൽനിന്നും ഷോർട്ട് ലിസ്റ്റ് ചെയ്ത അപേക്ഷകൾ ഏതെല്ലാം സ്ഥാപനങ്ങളുടെതാണ്;

(ബി) 23.05.2013-ന് ചേർന്ന പ്രീബിഡ് മീറ്റിംഗ് എന്തെല്ലാം തീരുമാനങ്ങാണ് കൈക്കൊണ്ടത്?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവളത്തിനു വൈദ്യുതി സബ് സ്റ്റേഷൻ</u>

4946 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിനു വേണ്ടി പ്രത്യേകമായി വൈദ്യുതി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ വൈദ്യുതി ബോർഡിനു സമർപ്പിക്കുകയുണ്ടായോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ വൈദ്യുതി ബോർഡ് സ്വീകരിച്ച നടപടികൾ അറിയാമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

<u>ആറന്മുള വിമാനത്താവള നിർമ്മാണം</u>

T4947 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളം ആരംഭിക്കുന്നതിന് ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ട അനുമതികളാണ് വേണ്ടതെന്നും ഈ നിബന്ധനകൾ പ്രകാരം ആറന്മുള വിമാനത്താവളത്തിൽ ഏതെല്ലാം അനുമതികൾ ലഭിച്ചിട്ടുണ്ടെന്നും ഇനി ഏതെല്ലാം അനുമതികൾ ലഭിക്കാനുമുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ;

(ബി) ആറന്മുള വിമാനത്താവളത്തിൽ ഏറ്റവും പ്രധാനപ്പെട്ട പാരിസ്ഥിതികാനുമതി ലഭിച്ചിട്ടില്ല എന്ന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പ്രസ്താവന ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ആറന്മുള വിമാനത്താവള നിർമ്മാണം സംസ്ഥാനം പാസ്സാക്കിയ നീർത്തട സംരക്ഷണ നിയമമുൾപ്പെടെ ഏതെങ്കിലും നിയമത്തിന്റെ ലംഘനമാണോ എന്ന് വെളിപ്പെടുത്തുമോ?